സർക്കുലർ

15/NSS/DHSE/2019 29 /01/2019

## എൻ എസ് എസ് ജൂബിലി സമാപനവും 'അക്ഷരദീപം' തുറന്ന വായനശാലകളുടെ ഉദ്ഘാടനവും

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ രജത ജൂബിലിയാഘോഷങ്ങളുടെ സമാപനം ഫെബ്രുവരി 5- ാം തീയതി വൈകിട്ട് 5 മണിക്ക് തിരുവനന്തപുരത്ത് കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ വച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുകയാണ്. രജത ജൂബിലിയാഘോഷങ്ങളുടെ സമാപനം അന്നേ ദിവസം യൂണിറ്റുതലത്തിൽ **'തുറന്ന വായനശാല'** ഉദ്ഘാടനം ചെയ്ത് നിർവ്വഹിക്കേണ്ടതാണ്.

ഡിസംബറിലെ സപ്തദിന ക്യാമ്പിൽ ശേഖരിച്ച പുസ്തകങ്ങൾ തരംതിരിച്ച് നിലവാരമില്ലാത്തവ സ്കൂൾ തലത്തിൽ ഒഴിവാക്കി തുറന്ന വായന ശാലയിലേക്ക് ക്രമീകരിക്കേണ്ടതാണ്. യൂണിറ്റുകൾ ഓരോന്നും കുറഞ്ഞത് ഒരു തുറന്ന വായനഇടം സ്ഥിരം സംവിധാനമായി ക്രമീകരിക്കണം.

ഇതിനായി സ്കൂളിൽത്തന്നെ പെതുവായി ഉപയോഗിക്കപ്പെടുന്ന ഇടങ്ങളും, പൊതു ജനങ്ങൾ ഒത്തു ചേരുന്നതും, നാശനഷ്ടങ്ങൾവരുത്താൻ സാദ്ധ്യതയില്ലാത്തതുമായ സ്ഥലങ്ങളും തിരഞ്ഞെടുക്കാവുന്നതാണ്.

പുസ്തകങ്ങൾ ക്രമീകരിക്കാനുള്ള റാക്കുകൾ അമാരകൾ മുതലായവ യൂണിറ്റിന്റെ നേതൃത്വത്തിൽ പി. ടി. എ മറ്റു സ്പോൺസർമാർ എന്നിവരുടെ സഹകരണത്തോടെ കണ്ടെത്തേണ്ടതാണ്.

**"ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം അക്ഷരദീപം - തുറന്നവായനശാല"** യുണിറ്റ് എന്ന ബോർഡ് ഓരോ വായനശാലയിലും വയ്ക്കേണ്ടതാണ്. പ്രസ്തുത ബോർഡിൽ ഹയർ സെക്കണ്ടറി എൻ എസ് എസ് രജത ജൂബിലി എംബ്ലം ഉണ്ടായിരിക്കണം.

രജത ജൂബിലി സമാപനമായ ഫെബ്രുവരി 5- ാം തീയതി 2 മണി മുതൽ 4 മണി വരെയുള്ള സമയത്ത് മുഴുവൻ ഹയർ സെക്കണ്ടറി എൻ എസ് എസ് യൂണിറ്റുകളും പ്രസ്തുത വായനശാലയുടെ ഉദ്ഘാടനം നടത്തേണ്ടതാണ്. ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുക്കുന്ന യൂണിറ്റുകൾ പ്രസ്തുത പ്രവർത്തനം അന്നേ ദിവസം രാവിലെ 9 നും 10 നുമിടയിൽ ക്രമീകരിക്കണം.

ഈ പ്രവർത്തനത്തിന്റെ ഫോട്ടോ ഒരു വായനാശാലയ്ക്ക് ഒന്നുവീതം ഹയർ സെക്കണ്ടറി എൻ എസ് എസിന്റെ പുതിയ വെബ് സൈറ്റ് ആയ

www.dhsenss.org/openlibrary.php യിലെ മെനുവിൽ ക്രമീകരിച്ചിരിക്കുന്ന സ്ഥലത്ത് ഉദ്ഘാടന സമയം മുതൽ വൈകിട്ട് 7 മണിവരെ അപ്‌ലോഡ് , ചെയ്യേണ്ട താണ്.

റീജിയണൽ ജില്ലാതലങ്ങളിലും ക്ലസ്റ്റർ തലങ്ങളിലും പ്രസ്തുത ഉദ്ഘാടനം സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി അനുയോജ്യമായ യൂണിറ്റുകൾ റീജിയണൽ ജില്ലാ ക്ലസ്റ്റർ തലങ്ങളിൽ റീജിയണൽ ജില്ലാ കൺവീനർമാരും , പി എ സി അംഗങ്ങളും തിരഞ്ഞെടുക്കേണ്ടതാണ്.

രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് മോഡൽ പരിക്ഷകൾ ആരംഭിച്ചതിനാൽ പ്രവർത്തനങ്ങൾക്ക് ഒന്നാം വർഷ വിദ്യാർത്ഥികാളെ പങ്കാളികളാക്കേണ്ടതാണ്.

തുറന്ന വായനശാലകളുടെ ഉദ്ഘാടനത്തിനായി പ്രദേശത്തെ സാഹിത്യ സാംസ്ക്കാരിക നായകൻമാരെ പങ്കെടുപ്പിക്കേണ്ടതാണ്. പരമാവധി പൊതുജന പങ്കാളിത്തം എല്ലാതലങ്ങളിലും ചുമതലക്കാർ ഉറപ്പാക്കേണ്ടതാണ്. നേരത്തെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ള യൂണിറ്റുകളും അന്നേ ദിവസം തുറന്നവായന ശാലയുടെ പ്രതീകാത്മക ഉദ്ഘാടന കർമ്മം വായനശാലയ്ക്കുമുമ്പിൽ നടത്തേണ്ടതാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ രജത ജൂബിലി സാമൂഹ്യ പ്രസക്തമായ നിരവധി പ്രവർത്തനങ്ങളുടെ പര്യവസാനിക്കുമ്പോൾ ജൂബിലിയുടെ സ്മരണ നിലനിർത്തുന്ന രീതിയിൽ ഒരിക്കലും നാശമില്ലാത്ത അക്ഷരവും അറിവും ജനകീയമാക്കുന്ന പ്രവർത്തനം നമുക്ക് ഏവർക്കും അവിസ്മരണീയ മാക്കാം.

ഒപ്പ്

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ